## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5909 **30.07.15 ൽ മറുപടിയ്ക്ക്**

**പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ് | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) | 2015 ലെ കേരള മൈനർ മിനറൽ കൺസെഷൻ റൂൾസ് പ്രകാരം പുതിയ മൈനിംഗ് ലീസും പെർമിറ്റുകളും നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) & (സി) | പാരിസ്ഥിതികാഘാത പഠനം എന്നത്, ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും സുരക്ഷിതമായ നിലവാരത്തിലുള്ള ഉപഭോഗത്തെ ഉറപ്പുവരുത്തിക്കൊണ്ട് ഒരു സുസ്ഥിര വികസന മാതൃക സൃഷ്ടിക്കുന്നതിന് ഉപയുക്തമായ ഒരു സുപ്രധാന 'മാനേജ്മെന്റ് ടൂൾ' ആണ്. പാരിസ്ഥിതികാഘാത പഠനത്തിലൂടെ ഒരു ഖനനപ്രവർത്തി മൂലം ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ പാരിസ്ഥിതിക പ്രശ്നങ്ങളും പഠനവിധേയമാക്കുവാനും അതിലൂടെ പ്രസ്തുത ഖനന പ്രവർത്തി മൂലം ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും, പരിസ്ഥിതി നാശവും പരമാവധി ലഘൂകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുവാനും സാധിക്കും. പാരിസ്ഥിതികാനുമതി ലഭിച്ച ഖനന പദ്ധതികളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ താരതമ്യേന ലഘുവായിരിക്കും. എല്ലാ പുതിയ ഖനന പെർമിറ്റുകൾക്കും, ലീസുകൾക്കും പാരിസ്ഥിതിക പഠനം നടത്തി, പാരിസ്ഥിതികാനുമതി സമ്പാദിച്ചിരിക്കണമെന്ന് കേരള മൈനർ |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | | |

| | | | |
|---|---|---|---|
| | | | മിനറൽ കൺസഷൻ റൂൾസ് - 2015 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയാണ് പാരിസ്ഥിതികാഘാത പഠനം നടത്തി പാരിസ്ഥിതികാനുമതി നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**